# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5660 29/07/2015-ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ ആനുകൂല്യം**

**ചോദ്യം**

ശ്രീ. വി. ശശി:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് വേണ്ടി വരുന്ന തുകയെത്ര; 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷത്തിൽ ഇതിനായി വകയിരുത്തിയ തുകയെത്ര;

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് പ്രതിവർഷം ഏകദേശം 20 കോടിയോളം രൂപ വേണ്ടി വരുന്നതാണ്.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) |
|---|---|
| 2011-12 | 6,00,00,000 |
| 2012-13 | 12,00,00,000 |
| 2013-14 | 8,00,00,000 |
| 2014-15 | 24,00,00,000 |
| 2015-16 | 10,00,00,000 |

(ബി) അനുവദിച്ച തുകയിൽ വർഷം തോറും എത്ര തുക ചെലവായി? ഓരോ വർഷവും എത്ര പേർക്ക് തുക വിതരണം ചെയ്തു;

(ബി)

| സാമ്പത്തിക വർഷം | അനുവദിച്ച തുക (രൂപ) | ചിലവഴിച്ച തുക (രൂപ) | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 2011-12 | 6,00,00,000 | 5,97,83,439 | 45395 |
| 2012-13 | 12,00,00,000 | 11,99,86,928 | 53419 |
| 2013-14 | 8,00,00,000 | 7,99,81,539 | 33708 |
| 2014-15 | 24,00,00,000 | 23,99,94,739 | 92193 |
| 2015-16 | 10,00,00,000 | 3,30,00,000 | തുക വിതരണം ചെയ്തു വരുന്നു |

| | |
|---|---|
| (സി) പ്രസ്തുത ഇനത്തിൽ തുക ഇനിയും നൽകാനുണ്ടോ? | (സി) 2014-15 വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 24 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുക മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് വിനിയോഗിച്ചു. 2014-15 വർഷത്തിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 5.57 കോടി രൂപ കുടിശ്ശിക ഉള്ളതായി ജില്ലാ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>2015-16 വർഷത്തിൽ 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2015-16 വർഷം 21.37 കോടി രൂപ ആവശ്യമുണ്ട്. കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനും വിദ്യാതീരം പദ്ധതിയ്ക്കായും (54.16 ലക്ഷം രൂപ) 2015-16 വർഷത്തിൽ ആവശ്യമായ തുക 27.48 കോടി രൂപയാണ്. ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ അധികം ആവശ്യമായ തുകയായ 17.48 കോടി രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ആഫീസർ**